(സി) ഏതെല്ലാം സമയത്താണ് ഇത് തുറന്ന് പ്രവർത്തിക്കുന്നത്;

(ഡി) കൗൺസിലിംഗ് സെന്ററിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ആരാണ്;

(ഇ) പ്രസ്തുത കൗൺസിലിംഗ് സെന്ററിന്റെ ഇതുവരെയുള്ള പ്രവർത്തനത്തെപ്പറ്റി വിശദമാക്കാമോ?

ഉത്തരം

(എ) 20-5-2003-ൽ

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരാണ്.

(സി) ചൊവ്വ, വെള്ളി, എന്നീ ദിവസങ്ങളിൽ (അവധി ദിവസങ്ങൾ ഒഴിച്ച്) 2 മണി മുതൽ 4 മണിവരെയാണ് കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നത്.

(ഡി) കൗൺസിലിംഗ് സെന്ററിന്റെ ചുമതല വഹിക്കുന്നത് ജനറൽ ആശുപത്രിയിലെ സീനിയർ ഗ്രേഡ് സൈക്ക്യാട്രിക് സോഷ്യൽ വർക്കറായ (സൈക്കോ സോഷ്യൽ തെറാപ്പിസ്റ്റ്) ശ്രീമതി. എൻ. നൗമാ മണിയാണ്.

(ഇ) ഒരു ദിവസം ശരാശരി രണ്ടു പേരെ വീതം കൗൺസിലിംഗ് നടത്താറുണ്ട്. കുടുംബ പ്രശ്നം, വൈവാഹിക പ്രശ്നം, ദാമ്പത്യപ്രശ്നം സാമ്പത്തിക പ്രശ്നം, കുട്ടികളുടെ പഠന വൈകല്യങ്ങൾ മുതലായവ സംബന്ധിച്ചാണ് കൗൺസിലിംഗ് നൽകിവരുന്നത്. കൂടാതെ ജനറൽ ആശുപത്രിയിലെ മനോരോഗ ചികിത്സാ വിഭാഗത്തിലും താല്പര്യമുള്ളവർക്ക് മറ്റു വിദഗ്ദ്ധചികിത്സ ലഭ്യമാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. ജീവനക്കാർ ആവശ്യപ്പെടുന്ന പക്ഷം കുടുംബ സന്ദർശനം നടത്തി കൗൺസിലിംഗ് നടത്തുന്ന പതിവുമുണ്ട്.

വർഗ്ഗീയത പ്രചരിപ്പിക്കുന്ന പ്രസിദ്ധീകരണം

12 [1483] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന സർക്കാർ ഓഫീസുകളിൽ വർഗ്ഗീയത പ്രചരിപ്പിക്കുന്ന തരത്തിലുള്ള അഭയ് ഭാരത് എന്ന മാസിക തപാലിൽ ഓഫീസ് മേധാവികൾക്ക് എത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എതെല്ലാം ഓഫീസുകളിലാണ് ഈ മാസിക വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാസിക എവിടെ നിന്നാണ് പ്രസിദ്ധീകരിക്കുന്നത് എന്ന് അറിയിക്കുമോ;

(ഡി) ഈ മാസിക തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

(ഡി) നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനം സന്ദർശിച്ച വിദേശ പ്രതിനിധികൾ

13 [1484] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഔദ്യോഗിക സന്ദർശനത്തിനായി എത്ര വിദേശ പ്രതിനിധികൾ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദേശ പ്രതിനിധികളുടെ പേരും അവർ പ്രതിനിധീകരിക്കുന്ന സംഘടനകളുടെയും രാജ്യങ്ങളുടെയും പേരുകളും വ്യക്തമാക്കാമോ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ അതിഥികളായി എത്തിയവർ എത്ര; ഇവർ ഏതൊക്കെ ആവശ്യങ്ങളുമായിട്ടാണ് സംസ്ഥാനത്ത് സന്ദർശനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിദേശ പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്ര, എന്റർടെയിൻമെന്റ് എന്നിവയ്ക്കായി സംസ്ഥാന സർക്കാരിന് ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (ഡി) വരെ വിവരം ശേഖരിച്ചുവരുന്നു.

വിദേശിയുടെ പേരിലുള്ള കേസ്

14 [1485] ശ്രീമതി. മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ 293/03 നമ്പരായി ഏതെങ്കിലും വിദേശിയുടെ പേരിൽ കേസ് നിലവിലുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിലാണ് എന്നും; ഈ കേസിന്റെ വിശദ വിവരവും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly